വൈദ്യുതി ബോർഡ് ജീവനക്കാർക്കുള്ള ആശ്രിത നിയമനം

30 [1714] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് സർവ്വീസിലിരിക്കെ മരിക്കുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നൽകുന്ന ഡൈയിംഗ് ഇൻ ഹാർനസ് നിയമന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥ പ്രകാരം കഴിഞ്ഞ രണ്ടു വർഷത്തിനകം എത്ര നിയമനം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര അപേക്ഷകർ ഇനിയും നിയമനത്തിന് കാത്തുനിൽക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ അപേക്ഷകർക്ക് എത്രയും വേഗത്തിൽ നിയമനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 139 നിയമനങ്ങൾ നൽകി.

(സി) നിലവിൽ വന്നിട്ടുള്ള അപേക്ഷകളിൽ 112 എണ്ണത്തിന്റെ പരിശോധന പൂർത്തിയായി. ഒഴിവുകളുടെ അഭാവംമൂലം നിയമനം നടന്നിട്ടില്ല. 10 അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ഡി ആന്റ് ഇ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly